225 (2541) എല്ലാ ജില്ലകളിലും പ്രകൃതിചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി

ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ ഉടമയിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര പ്രകൃതിചികിൽസാ ആശുപത്രികൾ ഉണ്ട്; അവ എവിടെ എല്ലാം എന്ന് അറിയിക്കുമോ;

(ബി) എല്ലാ ജില്ലകളിലും പ്രകൃതി ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1993 മുതൽ പ്രകൃതിചികിത്സാ ഫെഡറേഷൻ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ കമ്മീഷനെ നിയമിച്ചിരുന്നോ;

(ഡി) എങ്കിൽ കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) കോട്ടയം ജില്ലയിൽ അതിരംപുഴ പഞ്ചായത്തിൽ സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമായതിനാൽ അവിടെ ആശുപത്രി സ്ഥാപിക്കണം എന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവോ;

(ജി) കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ പ്രകൃതിചികിത്സാ കേന്ദ്രം ആരംഭിക്കുവാനും ആദ്യത്തേത് കോട്ടയം ജില്ലയിൽ അതിരംപുഴയിൽ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാട്ടു ചികിത്സാ വകുപ്പിന്റെ കീഴിൽ വർക്കലയിൽ 20 കിടക്കകളുള്ള ഒരു പ്രകൃതി ചികിത്സാ ആശുപത്രിയും ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് പത്ത് കിടക്കകളോടുകൂടിയ ഒരു യൂണിറ്റും ഉണ്ട്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചിരുന്നു.

(ഡി)&(ഇ) അന്തിമറിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പഠിച്ച് ശുപാർശകൾ നൽകുന്നതിനായി ജോയിന്റ് ഡയറക്ടർ ആയിരുന്ന ഡോ. വാസുദേവശർമ്മയെ നിയമിച്ചു.

(എഫ്) ഇടക്കാല റിപ്പോർട്ടിൽ ഇങ്ങനെ ഒരു ശുപാർശ ഉണ്ടായിരുന്നു.

(ജി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

226 (2542) സിദ്ധവൈദ്യ ശാസ്ത്ര ശാഖയുടെ വികസനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly